**ഭരണഭാഷ - മാതൃഭാഷ**



| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം<br>ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് &<br>എഞ്ചിനീയറിംഗ് വിംഗ്<br>റവന്യൂ കോംപ്ലക്സ് മൂന്നാം നില<br>പബ്ലിക് ആഫീസ് ബിൽഡിംഗ്<br>തിരുവനന്തപുരം - 33 | ഫോൺ: 0471-2324951<br>0471-2325071<br>ടെലി ഫാക്സ് – 0471-2324951<br>ഇമെയിൽ -celsgd@gmail.com<br>വെബ് സൈറ്റ് www.celsgd.kerala.gov.in |



**നം: ഡിബി6/6809/2019/സിഇ/തസ്വഭവ** **തീയതി: 26.03.2021**

## സർക്കുലർ

വിഷയം: LID&EW-തസ്വഭവ- ബിറ്റുമിൻ വാങ്ങുന്നതിനായി ഇൻഡന്റ് നൽകുമ്പോൾ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച്.

സൂചന : എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID &EW ഡിവിഷൻ, കണ്ണൂരിന്റെ 05/01/2021 തീയതിയിലെ DB/Gen/04/2021 നമ്പർ കത്ത്.

നിലവിൽ ബിറ്റുമിൻ വാങ്ങുമ്പോൾ ഡിജിറ്റലായി ഒപ്പു വച്ച ബിൽ ഇ-മെയിൽ മുഖാന്തരം കരാറുകാരനാണ് ലഭിച്ചുവരുന്നത്. കൂടാതെ കരാറുകാരനാണ് ടി ബില്ലിന്റെ പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിവരുന്നത്. ഇത് മൂലം ബില്ലിന്റെ ആധികാരികത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല എന്നും കൂടാതെ ടി ബില്ല് ദുരുപയോഗം ചെയ്യാൻ സാധ്യത ഉണ്ടെന്നും സൂചന പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇനി മുതൽ ഒരു പ്രവൃത്തിക്ക് ബിറ്റുമിൻ വാങ്ങുന്നതിനു വേണ്ടി ഇൻഡന്റ് നൽകുമ്പോൾ ആയതിൽ "ഈ ഇൻഡന്റ് പ്രകാരം നൽകുന്ന ടാറിന്റെ ബില്ലിന്റെ പകർപ്പ് ഇൻഡന്റ് അനുവദിച്ച കാര്യാലയത്തിന്റെ ഇ-മെയിലേയ്ക്കും അയച്ചു നൽകേണ്ടതാണ്" എന്ന പരാമർശം കൂടി ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നു. കൂടാതെ ബില്ലുകളിൽ റഫറൻസ് ആയി ചേർക്കുന്നത് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നുള്ള ഇൻഡന്റ് ആണ് എന്ന കാര്യം കൂടി ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ

LA